*DIGITAL MAGAZINE----2019..2020*

# BITS &

# BEATS ബിറ്റ്സ് &ബീറ്റ്സ്

little KITEs

GHSS VALERY

# പത്രാധിപ സമിതി

**ചീഫ് എഡിറ്റർ : അങ്കിത്ത് കുര്യൻ**

**അംഗങ്ങൾ : അഭിജിത്ത് പി എസ്**

**അക്ഷയ് പിബി**

**ജിതിൻ വി ജി**

**അബിൻ പി എസ്**

**അമൽജിത്ത് ടി കെ**



**ശ്രീകാന്ത് പി എസ്**

**വൈശാഖ് ബി**

**ശ്രീനന്ദന എ**

**അബിയ കുര്യൻ**

**ഷിബിന കെ റ്റി**



# താളുകളിലൂടെ


| | | |
|---|---|---|
| വിദ്യാലയം പ്രതിഭകളോടൊപ്പം | - റിപ്പോട്ട് | 6 |
| നിഴൽ | - കവിത | 12 |
| മരം | - കവിത | 14 |
| അക്കിത്തം | - ജീവചരിത്രം | 16 |
| പ്രകൃതി | - കവിത | 17 |
| വറ്റിപ്പോയ കണ്ണീർ | - കഥ | 20 |
| പ്രളയമഴ | - കവിത | 23 |
| അനാഥയുടെ കഥ | - കഥ | 24 |
| ക്രൂരത | - കവിത | 26 |
| എന്റെ ഭാഷ | - കവിത | 28 |
| പൂവൻകോഴിയും വജ്ജ്രങ്ങളും | - ഗുണപാഠകഥ | 29 |
| ഒരു കുരങ്ങന്റെ കഥ | - ബാല സാഹിത്യം | 30 |
| ക്വിസ് ടൈം | | 33 |
| ശാസ്ത്ര കൗതുകം | | 35 |
| സ്പോർട്സ് | | 36 |

# സന്ദേശം

ഇതൊരു സാധാരണ മാഗസീനല്ല, വിദ്യർത്ഥികളുടെ സർഗാത്മക രചനകൾക്ക് സാങ്കേതിക വിദ്യയുടെ പാശ്ചാത്തലംകൊണ്ട് പരിപൂർണതയൊരുക്കി ഓൺലൈനായി പ്രസിദ്ധീകരിക്കപ്പെടുന്ന ഈ ഉദ്യമത്തിന് എല്ലാ വിധ ഭാവകങ്ങളും നേരുന്നു.



**കെ. വാസുദേവൻ**

**ഹെഡ്മാസ്റ്റർ**

# ലിറ്റിൽകൈറ്റ്സ് യൂനിറ്റ്..2019-21



# വിദ്യാലയം **'പ്രതിഭകളോടൊപ്പം'**

## റിപ്പോർട്ട്

പ്രധാന അധ്യാപകൻ വാസുദേവൻ സാർ,സീനിയർ അസിസ്റ്റന്റ് റഞ്ജിൽസാർ, ഷൈലജ ടീച്ചർ,ചാക്കോസാർ, സജിസാർ, അൽഫോൺസടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ 15 ഓളം ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ 20.11.2019 ബുധനാഴ്ച രാവിലെ അയിലമൂലയിലുള്ള ഡോ:ജോസഫ് മക്കോളിൽ എന്ന ശാസ്ത്രജ്ഞനെ സന്ദർശിക്കുന്നതിനായി സ്ക്കൂളിൽ നിന്നും യാത്ര തിരിച്ചു. വഴി നീളെ കാഴ്ചകൾ കണ്ടും വർത്തമാനം പറഞ്ഞുമുള്ള കാൽ നടയാത്ര രസകരമായിരുന്നു.

ഞങ്ങളവിടെയെത്തുമ്പോൾ അദ്ദേഹം തന്റെ ലളിത നിർമിതമായ വിടിന്റെ മുൻപിൽ നിറചിരിയോടെ ഞങ്ങളെ സ്വാഗതം ചെയ്ത് നിൽപുണ്ടായിരുന്നു. കാഴ്ചയിൽ തന്നെ ഒരു ശാസ്ത്ര കാരന്റെ രൂപവ ഭാവങ്ങളുള്ള ഡോ:ജോസഫ് സാറിനെ കുറിച്ച് അറിഞ്ഞത്, 6ാം ക്ലാസ് പഠന കാലം മുതലാണ് അദ്ദേഹത്തിന് സയൻസിനോട് താൽപര്യം തോന്നിത്തുടങ്ങിയത്. പക്ഷേ പ്രതിക്കൂല സാഹചര്യങ്ങളാൽ അടുത്ത ക്ലസിൽ സാറിന് പഠനം നിർത്തേണ്ടവന്നു.

പിന്നിട് ക്കൂലിപണിക്ക് പോയി തുടങ്ങി. കുറച്ചു കാലം കഴിഞ്ഞപ്പോൾ വീണ്ടും പഠനം തുടർന്നു. സയൻസിനോടുള്ള അഭിനിവേശം ക്കൂടിയപ്പോൾ ബോംബേ IIT യിൽ ചേർന്ന് ഫിസിക്സിൽ PHD എടുത്തു.

ഇപ്പോഴദ്ദേഹം ഗവേഷണത്തോടൊപ്പം സമ്മിശ്ര ജൈവക്രഷിയും നടത്തി വരുന്നു. പോളിഹൗസ്, അക്വാപോണിക്സ്, മഴമറ തുടങ്ങിയ വൈവിധ്യവും, നൂതനവുമായ കൃഷി രീതികളാണദ്ദേഹം അവലംബിക്കുന്നത്. ഞങ്ങളെ ആദ്യമദ്ദേഹം7 അക്വാപോണിക്സ് ഫാമിലേക്ക് നയിച്ചു. അവിടെ വൃത്താകൃതിയിൽ നിർമ്മിച്ചിരിക്കുന്ന കുളത്തിൽ നൈലോട്ടിക്ക എന്നറിയപെടുന്ന നൈൽ നദിയിൽ വളരുന്ന 4000 മത്സ്യങ്ങളെയാണ് വളർത്തുന്നത്. അക്വാപോണിക്സ് എന്ന കൃഷി സമ്പ്രദായം ഞങ്ങളെല്ലാവരും ആദ്യമായി കൗതുകത്തോടെ കാണുകയായിരുന്നു. ഇതിന്റെ പ്രത്യേകത മത്സ്യവും പച്ചക്കറികളും സായുക്തമായി വളർത്തുക എന്നതാണ്. മത്സ്യക്കുളത്തിലെ അമോണിയ കലർന്ന ചെറു ടാങ്കുകളിൽ ശേഖരിച്ച് പ്രത്യേക രീതിയിൽ നൈട്രജനാക്കി സമിപത്തുള്ള ചെടികളിൽ നനയ്ക്കുന്നതിലൂടെ മറ്റു വളങ്ങളൊന്നും ചേർക്കാതെ തന്നെ വിഷരഹിതമായ പച്ചക്കറികളും,മത്സ്യവും ഉൽപാദിപ്പിക്കാം. പായൽ തിന്നുന്ന മത്സ്യത്തെ സമിപത്തുവളർത്തി,കായ്ക്കാതിരുന്ന തക്കാളിയിൽ നല്ല
കായ്ഫലം ഉണ്ടാക്കിയ പരീക്ഷണവും അദ്ദേഹം നടത്തി.



ഫാമിൽ തക്കാളി, പടവലം,പാവൽ,കക്കിരി,ചീര തുടങ്ങിയ പച്ചക്കറികൾ സമൃദ്ധമായി കായ്ച്ചു നിൽക്കുന്നുണ്ടായിരുന്നു.പിന്നീട് പ്രതിഭയുമായുള്ള സംവാദത്തിന്റ സെക്ഷനിലേക്ക് പ്രവേശിച്ചു. 10 ൽ പഠിക്കുന്ന ആൽഫ്രഡ് സ്വാഗതം പറഞ്ഞു. ഞങ്ങളുടെ സ്ക്കൂൾ ഉദ്യാനത്തിൽ വിരിഞ്ഞ മനോഹരങ്ങളായ പുഷപങ്ങളുപയോഗിച്ച് അൽഫോ ൺസ ടീച്ചറുടെ കരവിരുതിൽ തീർത്ത പൂച്ചെണ്ട് 8ാം ക്ലാസ്സിൽ പഠിക്കന്ന വൈഗ സമ്മാനിച്ചു.അദ്ദേഹവുമായുള്ള സംവാദം ഏറെ വിജ്ഞാനപ്രദമായിരുന്നു.ഞങ്ങളുടെ ചോദ്യങ്ങൾക്ക് സാർ വിശദമായിത്തന്നെ മറുപടിപറഞ്ഞു.

അതിനുശേഷം അദ്ദേഹം വളരെ ശ്രദ്ധയോടെ പരിപാലിച്ചു വരുന്ന സമ്മിശ്ര ജൈവ തോട്ടത്തിലേക്കുപ്രവേശിച്ചു.ഇവിടെപലതരം കാട്ടുമരങ്ങളും,ഫലങ്ങളും,ഔഷധസസ്യങ്ങളുംഇടകലർന്ന് വളർന്നു
വരുന്നകാഴ്ചവളരെആകർഷകമാണ്.ഞാവൽ,ആപ്പിൾ,ഓറഞ്ച്,മാതളനാര കം തുടങ്ങിയ ഒട്ടനേകം ഫലവൃക്ഷങ്ങൾ. ഇടിഞ്ഞിൽ പോലുള്ള അപൂർവ ഔഷധങ്ങൾ

ഊത്, കുന്തിരിക്കം മുതലായ പ്രത്യേകം മരങ്ങളും പേരറിയാത്ത മരങ്ങളും. ഊതു മരത്തിൽ നിന്നും അത്താറുണ്ടാക്കുന്നതിനെ കുറിച്ചും ജോസഫ് സർ വിവരിച്ചു തന്നപ്പോൾ എല്ലാവരും അത്ഭുതത്തോടെ കേട്ടു നിന്നു. ഈമരം വലുതാകുമ്പോൾ ഒരുതരം വണ്ടുകൾ വന്ന് തടി തുരന്ന് പുറത്തു വരുന്ന ആഭാഗമെടുത്ത് എസ്സൻസുണ്ടാക്കിയാണ് സെന്റും, അത്തറു മൊക്കെ നിർമിക്കുന്നതത്രെ! ഈ എസ്സൻസിന് കിലോഗ്രാമിന് '50000' രൂപയാണ് പോലും വില ആസാമിലാണ്

ഈമരങ്ങൾ നന്നായി വളരുന്നതെന്നും പറഞ്ഞുതന്നു. നേന്ത്രവാഴ ക്രിഷിയും കണ്ടതിനു ശേഷം മറ്റു ചില അപൂർവ



സസ്യങ്ങളും പരിചയപ്പെടുത്തി . സ്റ്റീവിയ, ബർമ്മാബാമ്പു , ചിയാമാൻഡ, മുള്ളങ്കി യുടെ ഇനത്തിൽ പ്പെട്ട ഒരുതരം കിഴങ്ങു ചെടിയും കണ്ടു. സ്റ്റീവിയ എന്ന ചെ ടിക്ക് പഞ്ചസാര യേക്കാൾ 40 മധുരമുള്ള ചെടിയാണ് സമൂലം മധുരമാകുന്ന ഇത് ഞങ്ങളും രുചിച്ചുനോക്കി മെക്സിക്കോയിൽ നിന്നും കൊണ്ടുവന്നതാണ് ചിയാൻമസാസ എന്ന ചീരച്ചെടി അദ്ദേഹത്തിന്റെ വിദേശ യാത്രവേളകളിൽ ഇത്തരം അപൂർവ സസ്യങ്ങളും മറ്റും കൊണ്ടു വരാറുണ്ട്.

സമയം അതിക്രമിച്ചതുമൂലം ഞങ്ങളുടെ മടക്ക യാത്രക്കുമുൻപായി അദ്ധേഹത്തോടൊപ്പം എല്ലാവരും ചേർന്ന് ഒരു ഫോട്ടോഎടുക്കാനായി പോസ് ചെയ്തു . പത്താംക്ലാസിലെ ജ്ഞാൻസിയയുടെ നന്ദി പ്രകാശനത്തിനു ശേഷം അവിടെ നിന്നും യാത്ര പറഞ്ഞു മടങ്ങി. തൽപ്പര കക്ഷികൾ ശാസ്ത്രമെന്ന പേരിൽ അബദ്ധ പഞ്ചാംഗങ്ങൾ തിരത്തി മാനവികതയ്ക്കു ഭീഷണിയുയർത്തുന്ന കാലത്ത് ശാസ്ത്രാഭിമുഖ്യമുള്ള വ്യക്തി എന്ന നിലയിൽ ജോസഫ് സാറിനോട് കുറച്ചുക്രൂടി കാമ്പും കഴമ്പും ഉള്ള കാര്യങ്ങൾ

ചോദിക്കാൻ കഴിഞ്ഞില്ലല്ലോ എന്ന ചെറിയ നിരശയോട് കൂടിയുള്ള മടക്കയാത്രക്കിടയിൽ വയറു കാലിയാണെങ്കിലും പുത്തനറിവുകളും പുതു ചിന്തകളും കൊണ്ട് മനസ്സ് നിറഞ്ഞിരുന്നു .

സരയു.കെ.ആർ 

# നിഴൽ

കവിത



എന്റെ ഹൃദയമാം
നിഴൽ തെളിയും
ചിലപ്പോൾ മങ്ങും
കാണാതെ പോകും
പിന്നെ കൂടെ വരും
ചിരിക്കും കഥപറയും
പാടും ഒടുവിൽ തന്നെ

കരയും നേരും പൊരുളും

അറിയാതെ സുഖ ദുഖ

സമ്മിശ്രമായി ഉപമയെന്തെ-
ന്നറിയാതെ ഉൽപ്രേഷയില്ലാതെ
കവിതചൊല്ലും നിഴൽ എന്റെ നിഴൽ
വീഥികളിൽ പതിഞ്ഞ നവക്ഷതങ്ങളിൽ
കാണാം കണ്ണുനീർ.............



കാർത്തിക് ബാബു

# മരം

കവിത



വീടിന്റെ തെക്കെ വശത്തായി
പൂർവ്വികർ നട്ടൊരു നാട്ടുമാവ്
പൊന്നിൻ മാങ്കുലകൾ പൊഴിക്കും
മണ്ണിന്റെ പുത്രിയാം സ്നേഹവൃക്ഷം
അപ്പനപ്പൂപ്പൻമാർ തണ്ണീർ തേവിയ
നന്മപൂർണയാമൊരു നാട്ടുമാവ്
എനിക്കായി എന്നച്ഛൻ ഉഞ്ഞാൽ
കെട്ടിയ മാതൃതുല്യയാം എന്റെ മരം
സൂര്യന്റെ താപമാം ദംശനമേകുമ്പോൾ
താങ്ങായ് തണലായ് പൊന്നുവൃക്ഷം

അണ്ണാരക്കണ്ണനും കുരങ്ങുകളും
കളിയാടനെത്തുന്നു ഉൽസുകരായ്
ഈ നാട്ടുമാവിന്റെ ഫലം നുകർന്നവർ
മറക്കില്ലാരിക്കലും പോയകാലം

ആ നാട്ടുമാവിന്റെ കാര്യമോർത്താൽ
എന്നുടെ മനസ്സു കുളിർന്നിടുന്നു........

രേവതി എസ്





ജീവചരിത്രം

# അക്കിത്തം അച്യുതൻ നമ്പൂതിരിപ്പാട്

1926 മാർച്ച് 18-ന പാലക്കാട് ജില്ലയിലെ കുമരനല്ലൂരിൽ ജനിച്ചു. അമേറ്റൂർ അക്കിത്തത്ത് മനയിൽ വാസുദേവൻ നമ്പൂതിരിയും ചേകൂർ മനയ്ക്കൽ പാർവ്വതി അന്തർജ്ജനവുമാണ് മാതാപിതാക്കൾ. ചിത്രകാരൻ അക്കിത്തം നാരയണൻ സഹോദരനാണ്. മകനായ അക്കിത്തം വാസുദേവൻ ചിത്രകാരനാണ്.

ബാല്യത്തിൽ സംസ്കൃതവും സംഗീതവും പഠിച്ചു. 1946- മുതൽ മൂന്ന കൊല്ലം ഉണ്ണിനമ്പൂതിരിയുടെ പ്രസാധകനായി അദ്ദേഹം സമുദായ പ്രവർത്തനത്തിലേക്ക് ഇറങ്ങി. പത്രപ്രവർത്തകനായും പ്രവർത്തിച്ചിട്ടുണ്ട്. മംഗളോദയം, യോഗക്ഷേമം എന്നിവയുടെ സഹ പത്രാധിപരായി പ്രവർത്തിച്ചിട്ടുണ്ട്. 1956 മുതൽ കോഴിക്കോട് ആകാശവാണി നിലയത്തിൽ സ്ക്രിപ്റ്റ് എഴുത്തുകാരനായി പ്രവർത്തിച്ച അദ്ദേഹം 1975-ൽ ആകാശവാണി തൃശ്ശൂർ നിലയത്തിൽ എഡിറ്ററായി. 1985-ൽ ആകാശവാണിയിൽ നിന്ന് വിരമിച്ചു.

അദ്ദേഹത്തിന്റെ "ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം" എന്ന കൃതിയിൽ നിന്നാണ് "വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം" എന്ന വരികൾ. 1948-49 കളിൽ ഉണ്ടായിരുന്ന അടുത്ത സഹവർത്തിത്വമായിരുന്നു ഈ കവിത എഴുതാൻ പ്രചോദനം. ഇ. എം. എസ് നമ്പൂതിരിപ്പാട് തുടങ്ങിയ കമ്യൂണിസ്റ്റ് നേതാക്കന്മാരുമായി അടുത്ത ബന്ധമുണ്ടായിരുന്ന അദ്ദേഹം ഈ കവിത പ്രകാശിപ്പിച്ചതിനു പിന്നാലെ ഒരു കമ്യൂണിസ്റ്റ് വിരുദ്ധനായി മുദ്രകുത്തപ്പെട്ടു . കേരളത്തിൻറെ പ്രിയപ്പെട്ട കവിയെ പ്രേക്ഷകർ ശ്രദ്ധിക്കാൻ തുടങ്ങിയത് 1950 മുതൽ ആണ്. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം എന്ന തൻറെ കവിതയ്ക്ക് 1952 ലെ <u>സഞ്ജയൻ</u> അവാർഡ് നേടികൊടുത്തു. പിന്നീട് ഈ കവിത ആധുനിക മലയാളം കവിതയുടെ മുതൽക്കൂട്ടായി .

**ആര്യ എ**





# പ്രകൃതി

കവിത

നന്മ നിറഞ്ഞ പ്രകൃതിയിൽ
ഉടലോടെ ഒരു മരം........
തണലായ് , കാറ്റയ് എന്നും
മനുഷ്യരെ പുണരുന്ന മരം
അമ്മയായ പ്രകൃതിതൻ
ലാളനയിൽ ഉയരുന്ന മരം
വരണ്ടുണങ്ങിയ ഭൂമിയെ
മഴയായ് തഴുകുന്ന മരം
നന്മമാത്രം  ഏകിടും
ഉണർവോടെ ആ മരം
ചില്ലകളിലായ് മേഞ്ഞിടും
കൂട്ടുകൂട്ടാൻ പക്ഷികൾ
ആരുമില്ലാ മനുഷ്യർക്കും
തണലായ് ഒരു മരം

പഴങ്ങൾ നൽകി
ഉണർവ്വുതരും  എൻ മരം
എന്നാൽ ക്രൂരതയാർന്ന
ഓരോ വ്യക്തിയും.....
വൃക്ഷ ചുവട്ടു മുറിക്കുന്നു...
ആഴത്തിൽ...........
കാറ്റായി തണലായ്
ഉയർന്ന നന്മ മരം
എന്നെന്നെക്കോ
വിടവാങ്ങുന്നു....
നന്മ നിറഞ്ഞ മഹാ
വൃക്ഷം നാം ചുവട്ടു
മുറിച്ചു മറിക്കുന്നു

പ്രകൃതിയായ അമ്മയെ
ഓരോ വ്യക്തിയും
ക്രാന്തത്താൽ ഇന്നെങ്ങൊ
വിട്ടു മറിയുന്നു...

എവിടെക്കെന്നറിയാതെ
ഒരുനാൾ നമ്മെ
രക്ഷിക്കാൻ ഉടലോടൊരു
മരം ഉണ്ടെന്ന്......

പ്രകൃതിതൻ വരദാന-
മായി  മാറിയിരുന്ന
പക്ഷികൾ, അരുവികൾ

എവിടേക്കോ പോയി.....

നന്മ എന്നും ഒരു വരമായ്

എന്നെന്നും ഒരു മരമായ്

ഉണരുക ഉണരുക

നാളെക്കായ്....... നാളെക്കായ്.....

**അബിയ കുര്യൻ**





കഥ

# വറ്റിപ്പോയ കണ്ണീർ

വയലുകളും പുഴകളും നിറഞ്ഞ വിശാലമായ ഒരു സുന്ദര ഗ്രാമമായിരുന്നു അത്.വസുമതി എന്ന പെൺ കുട്ടിയുടെ കണ്ണീർ വീണ് നനഞ്ഞ അവളുടെ സ്വന്തം നാട്.അവളുടെ വയസ് കണ്ടും അറിയാതെയും കടന്നു പോയി. വിവാഹാലോചനകൾ വന്നുതുടങ്ങി. പക്ഷെ ഒന്നും ഒത്തുവന്നില്ല. അവളൊരു സുന്ദരിയും ഏവരുടെയും കണ്ണിലുണ്ണിയുമായിരുന്നു. പക്ഷെ കഷ്ടപാടിന്റെ പേരുപറഞ്ഞും സ്വത്തിന്റെ കാര്യം പറഞ്ഞും വിവാഹാലോചനകൾ മുടങ്ങി. അങ്ങനെ ആരും കാണാതെയും അവളുടെ

പ്രായം കടന്നു പോയി. അങ്ങനെ ഒരു ദിവസം ഒരു ചെറുപ്പക്കാരൻ താൻ അവളെ സ്വീകരിച്ചു കൊള്ളാം എന്ന് പറഞ്ഞു. അതു കേട്ടതും വസുമതിയുടെ ഉള്ളിലെ ഇത്രയും കാലം അടക്കിവച്ച സങ്കടങ്ങളുടെ കണ്ണീരാണോ സന്തോഷത്തിന്റെ കണ്ണീരാ-
ണോ,എന്തോ അവളുടെ കണ്ണുകൾ തിളങ്ങി. പെട്ടെന്ന് അവൾ പൊട്ടിക്കരഞ്ഞു. പിന്നൊന്നും നോക്കിയില്ല ദേവൻ എന്ന ചെറു-
പ്പക്കാരൻ അവളെ വിവഹിതയാക്കി. പിന്നിട് അവരു ജിവിതം തട്ടിയും മട്ടിയും കടന്നു പോയി. കുരുച്ചു കാലങ്ങൾക്കു ശേഷം അവളൊരു അമ്മയായി. അമ്മയായി കുറച്ചു ദിവസംങ്ങൾക്ക് ശേഷം തന്റെ ഭർത്താവിന്റെ തനിസ്വഭാവം അവൾ കാണനിടയായി.

കുടിച്ചു കൂത്താടിയും ദേവൻ വീട്ടിലെത്താൻ തുടങ്ങി. ചെറിയകാര്യങ്ങൾക്കുപോലും വാക്കുതർക്കവും തുടങ്ങി. പിന്നെ അത് തുടർന്നു കൊണ്ടിരുന്നു. അതിനിടയിൽ അവളൊരു കുഞ്ഞിന് ജന്മം നൽകി. ആൺകുഞ്ഞായിരുന്നു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ പട്ടിണിയും തുടങ്ങി. ദേവൻ പണിയും ഒന്നുമില്ലാത്ത കിട്ടുന്ന പൈസക്ക് കള്ളുകുടിച്ച് തെണ്ടിനടക്കാൻ തുടങ്ങി. അവളുടെ മനസിൽ ഒരു വിചാരമേ ഉണ്ടായിരുന്നുള്ളു.

തന്റെ മകനെ ഈ അവസ്ഥയിൽ താൻ എങ്ങനെ പോറ്റും.വിശപ്പും സഹിച്ചും ക്രൂരത സഹിച്ചും വർഷങ്ങൾ കഴിഞ്ഞു പോയി മോൻ
പക്വതയിൽ എത്തി.ഇതിനിടയിൽ അപകടത്തിൽ അവളുടെ ഭർത്താവ് മരിച്ചു. പിന്നെ ആകെ അവൾക്ക് തുണയായത് സ്വന്തം മകനായിരുന്നു.

ആ വിശ്വാസം അവളെ സമാധാനിപ്പിച്ചു.
പിന്നെ..പിന്നെ മകനും നോക്കാതെയായി. അവൾ കരഞ്ഞില്ല.കാരണം അവൾക്ക് ഇനികരയാൻ കണ്ണിർ ബാക്കിയില്ല. ആ കണ്ണിർ

ബാക്കിയാക്കി അവളും വിടവാങ്ങി. മരിക്കുമ്പോഴും ആ അമ്മയുടെ മനസ്സിൽ മകനെ കുറിച്ച് മാത്രമേ ഉണ്ടായിരുന്നുള്ളൂ. മകൻ തന്റെ തെറ്റ് മനസിലാക്കി ജിവിതകാലം മുഴുവൻ ദുഃഖിച്ചു.

അഭിനവ്





# പ്രളയ മഴ

ഇടവകരിങ്കാറിൻ പൊത്തിൽ നിന്നിറങ്ങിയ
വെള്ളപ്പൊക്കം കർക്കിടകമാസരാവിലൊന്നിൽ
ചുറ്റിവലഞ്ഞു പാരിൽ
കണ്ണീർ കണങ്ങളോടെ നിൽക്കും കൃഷിക്കാർ
തൻ സ്വപ്നങ്ങൾ തകർന്ന മട്ടിൽ
നാളത്തെ സമൃദ്ദിതൻ നാകിയ വാഗ്ദാനങ്ങൾ
പിടഞ്ഞൊഴുകുന്നുവീ ഭൂമിയിൽ
എന്തിനീ ക്രൂരത നമ്മോടു തന്നെ നാം
ചോദിപ്പൂ വീണ്ടും വീണ്ടും....
ഹ.! എന്തു ഭയാനകമീദൃശ്യം

ശ്രീനന്ദന.എ



# അനാഥയുടെ കഥ

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു അച്ഛനും അമ്മയും മകനും ഉണ്ടായിരുന്നു. സന്തോഷത്തോടെ അവർ ജീവിച്ചു. ഒരിക്കൽ അച്ഛനും അമ്മയും മരണപ്പെട്ടു. അവരുടെ മകൻ അപ്പോൾ സ്കൂളിൽ പോയിരുന്നു. അൽപ്പനേരത്തിനു ശേഷം അവൻ തിരികെ വന്നപ്പോൾ കണ്ട കാഴ്ച തന്റെ മാതാപിതാക്കളുടെ മൃതശരീരമാണ്. അവൻ ആകെ തളർന്നു. ഞെട്ടിതരിച്ചു. അവൻ അലറി കരഞ്ഞു. ചുറ്റും കൂടിനിന്നവർ അവനെ ആശ്വസിപ്പിച്ചു. അവരുടെ ആശ്വാസവാക്കുകൾ അവനെ കൂടുതൽ വേദനിപ്പിച്ചു. അന്നു മുതൽ അവന്റെ ജീവിതം അന്ധകാരം നിറഞ്ഞതായി തീർന്നു.




ആഴ്ചകളും മാസങ്ങളും വർഷങ്ങളും പിന്നിട്ടപ്പോഴും അവന്റെ ജീവിതം അവൻ ഒറ്റക്ക് ഒരു ഇരുട്ട് മുറിയിലൊതുക്കി. പുറത്തുള്ള ജനങ്ങൾ അവനെ പുതിയൊരു ജീവിതത്തിനായി ഉദ്ബോധിപ്പിച്ചു. പക്ഷെ അവൻ കൂട്ടാക്കിയില്ല. അച്ഛനും

അമ്മയും ഇല്ലാത്ത ലോകത്തോട് അവന് വെറുപ്പായിരുന്നു.
ആത്മഹത്യ ചെയ്യാനുള്ള അവന്റശ്രമങ്ങളെ ലോകം തടഞ്ഞു.
അന്നാട്ടിൽ ഷിനോല എന്ന
ഒരു മുത്തശ്ശി അനാഥയെ പറ്റിയറിഞ്ഞു. അവന്റ വിഷമം മനസ്സിലാക്കി അവനെ കാണാൻ പോയി.

മുത്തശ്ശി അനാഥയെ കണ്ടപാടെ
പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു ; "അനാഥ പ്രിയ മകനേ നിന്റെ മാതാപിതാക്കൾ നിന്നെ ജനിപ്പിച്ചത് നീ അനേകം പേർക്ക് ഉപകാരമേകി എല്ലാവരെയും കൊണ്ട് നല്ലത് പറയിച്ച്, നാടിനും നാട്ടുകാർക്കും പ്രിയങ്കരനായി ജീവിക്കാനാണ്.
പക്ഷെ നീ ചെയ്യുന്നതോ. നിന്റെ മാതാപിതാക്കളുടെ ഇഷ്ടം നിറവേറ്റാതെ തന്നിഷ്ടത്തിൽ ജീവക്കുന്നു. അവർ നിന്നെ പ്രതി സ്വർഗ്ഗത്തിൽ വേദനയോടെ കരയുന്നു."

അബിത



കവിത

# ക്രൂരത



പൈതമായി പിറന്നവൾ അംഗ-

മായിമാറി. പൂവായി മുളച്ചവൾ.

അമ്മതൻ മുലപ്പാൽ കുടിച്ചവൾ

പിച്ചകൾ വച്ചുതുടങ്ങി

ഭൂമിമാതാ കനിഞ്ഞു തന്നു

മരമല്ല വരമാണവൾ

തണലല്ല താങ്ങാണവൾ

വരമായ് തന്നതോ ഭൂമിമാതാ

കുമാരിയായി മാറിയവൾ

മലയല്ല പൊൻകണിയാണവൾ

നന്മകളേകുന്ന സ്നേഹം

പൊഴിയുന്ന നന്മനീര്

യുവത്വമായി നെറുകയിൽ
വളർന്ന് നിന്നു.
തണലായിമാറുന്ന ഉറവയായി
മാറുന്ന നന്മ സ്നേഹം
കുട്ടികൾ പേറുന്ന ശിഖിരങ്ങളും,
തണലായി തീർത്ത മരച്ചില്ലകളും
അന്നമായി സുഗന്ധമായി
തീർന്നവൾ തലയുയർത്തി
വീടിൻ മുമ്പിലെ അങ്കണത്തിൽ
പരിചിതമല്ലാത്ത കാഹളങ്ങൾ
അപരിചിതമായ  പലമുഖങ്ങൾ
മൊഴിഞ്ഞു അമ്മ പോകും വഴി
നന്നേ മുറിച്ചിടല്ലവളേ..
ഉറവയായിരുന്നവൾതൻ
മേനിയെ ദ്രോഹിച്ചിടല്ലേ..
പലമുഖം വന്നു പോയി
വീണ്ടും വരുന്നു പലമുഖങ്ങൾ
കൊണ്ട് പോകുന്നിതാ..
കാടിൻ പൊൻമകളേ...
മഴകളെറിഞ്ഞവൾ
വേദന തീണ്ടുന്നു സ്നേഹഭാവം
അരുതേ എന്ന് ഓതുന്നു ലോകം
അരുതേ
കാടിനോടരുതേ
നയന എം



## കവിത



## എന്റെ ഭാഷ

മലയാളമാണെന്റെ ഭാഷ
ഭാഷയെ ഞാൻ നിന്നെ നമിക്കുന്നു
എന്റെ അമ്മയാണ് ,ജീവനാണ് ഭാഷ
ഏത് നാട്ടിലെത്തിയാലും ഞാനെന്റെ-
ഭാഷയിൽ സ്വപ്നം കാണുന്നു
എന്റെ മാതൃഭാക്ഷയേ
നിന്നെ ഞാൻ നമിക്കുന്നു
എന്റെ ഭാഷ ഞാൻതന്നെയാകുന്നു.............

അനിറ്റ് മരിയ ബിജു



**മിനിക്കഥ**

## പൂവൻ കോഴിയും വജ്രക്കല്ലും



ഭക്ഷണം തേടി നിലം മാന്തുകയായിരുന്ന പൂവൻ കോഴിക്ക് കിട്ടിയത് ഒരു വജ്രക്കല്ലായിരുന്നു. ശോഭിക്കുന്ന രത്നത്തോട് പൂവൻ കോഴി പറഞ്ഞു
"നിന്റെ ഉടമസ്ഥനായിരുന്നു നിന്നെ കണ്ടെടുത്തതെങ്കിൽ ഏറ്റവും മുന്തിയ സ്ഥാനം നിനക്ക് കല്പിക്കുമായിരുന്നു. എന്നാൽ എനിക്ക് നിന്നെ കൊണ്ട് ഒരു ഗുണവുമില്ല. ലോകത്തിലെ എല്ലാ വജ്രത്തെക്കാളും ഞാൻ വിലമതിക്കുന്നത് ഒരൊറ്റ നെൽക്കതിരിനെയാണ്."

*ഗുണപാഠം: മൂല്യമറിയുന്നവനേ അമൂല്യത കൽപ്പിക്കാനാവൂ.*

**അഭിജിത്.പി.എസ്**



## ബാലസാഹിത്യം



# ഒരു കുരങ്ങന്റെ കഥ

പണ്ട് പണ്ട് ഒരു നാൾ ഒരു കുരങ്ങൻ മരത്തിൽ നിന്ന് വീണ് വാല് മുറിഞ്ഞു. അവൻ കരഞ്ഞുകൊണ്ട് വൈദ്യരുടെ അടുത്തു ചെന്നു .വൈദ്യർ പറഞ്ഞു ഞാൻ നോക്കട്ടെ . എന്നിട്ട് വൈദ്യർ ആ വാല് മുറിച്ചു കളഞ്ഞു . "വൈദ്യരെ നിങ്ങൾ എന്താണ്

ചെയ്തത്, എന്റെ വാല് മുറിച്ചു കളഞ്ഞോ.......?" കുരങ്ങനു ദേഷ്യം വന്നു .കുരങ്ങൻ പറഞ്ഞു ." എനിക്ക് എന്റെ വാല് വേണം അല്ലെങ്കിൽ ആ കത്തി വേണം ."

വൈദ്യർ കത്തി കൊടുത്തിട്ട് പറഞ്ഞു: "ഇതാ ഇതു നീ എടുത്തോ". അവനതും കൊണ്ട് നടന്നു .

മാങ്ങ എറിയുകയായിരുന്ന ഒരുകുട്ടിയോട് കുരങ്ങൻ പറഞ്ഞു, "ഈ കത്തി വച്ച് എറിഞ്ഞാൽ എന്തായാലും മാങ്ങ വീഴും" അവനതു കൊടുത്തു . കുട്ടി സന്തോഷത്തോടെ എടുത്തെറിഞ്ഞു. ഒരു മാങ്ങ വീണു. കത്തി എറിഞ്ഞപ്പോൾ ആകത്തി തെറിച്ചു പോയിരുന്നു. കുരങ്ങൻ ചോദിച്ചു :"എന്റെ കത്തിഎവിടെ ?" ......അത് ഞാൻ മാങ്ങ എറിഞ്ഞപ്പോൾ തെറിച്ചുപോയി.

'എനിക്ക് എന്റെ കത്തി വേണം അല്ലെങ്കിൽ ആ മാങ്ങ വേണം' എന്ന് കുരങ്ങൻ പറഞ്ഞു..... അതു കേട്ടപ്പോൾ കുട്ടിക്കു സങ്കടം വന്നു. അവൻ കരഞ്ഞു കൊണ്ട് ആ മാങ്ങ ആ കുരങ്ങനു എടുത്തു കൊടുത്തു. കുരങ്ങൻ അതും കൊണ്ട് നടന്നു പോയികൊണ്ടിരുന്നപ്പോൾ

അവിടെ ഒരു ചെണ്ടക്കാരനെ കണ്ടു. വിശന്നു വലഞ്ഞ അയാൾക്ക് കുരങ്ങൻ മാങ്ങ കൊടുത്തു അയാളത് ആർത്തി യോടെ കഴിച്ചു .

കുരങ്ങൻ ചോദിച്ചു: എന്റെ മാങ്ങ എവിടെ ?. അയാൾ പറഞ്ഞു അത് ഞാൻ തിന്നു .കുരങ്ങൻ പറഞ്ഞു എനിക്ക് മാങ്ങ വേണം

അല്ലെങ്കിൽ ചെണ്ട വേണം  ചെണ്ടക്കാരൻ അവന് ചെണ്ട കൊടുത്തു അവൻ അതും

കൊണ്ട് ഒരു പാട്ടും പാടി നടന്നു. ..........................



അക്ഷയ് പിബി




## ചോദ്യങ്ങൾ

1. ക്വിറ്റ് ഇന്ത്യാ സമരനായിക എന്ന് ഗാന്ധിജി വിശേഷിപിച്ചതാരെ ?
2. നേപ്പാൾ ജനതകൾ എവറസ്റ്റ് കൊടുമുടിയെ വിളിക്കുന്നപേര് ?
3. ഇന്ത്യയിലെ ഏറ്റവും വലിയ മരുഭൂമി ഏത് ?
4. കേരളത്തിൽ കിഴക്കോട്ട് ഒഴുകുന്ന നദി കൾ?
5. ആദ്യമായി ബഹിരാകാശത്ത് യാത്ര ചെയ്ത വനിത ?
6. ഏറ്റവും കുറവ് ജനസംഖ്യയുള്ള രാജ്യം?
7. ഉപ്പ് സത്യാഗ്രഹം നടന്ന വർഷം ?
8. മനുഷ്യ ശരീരത്തിലെ വാരി എല്ലുകളുടെ എണ്ണം ?
9. ഇന്ത്യൻ ദരണഘടനയുടെ ആമുഖം എഴുതിയതാര് ?
10. നെഹ്റുവിന്റെ വിന്റെ വിദേശനയം ഏത് പേരിൽ അറിയപ്പെടുന്നു ?

## ഉത്തരങ്ങൾ


1. അരുണാ ആസിഫലി
2. സാഗർ മാത
3. താർ മരുഭൂമി
4. കബനി,ഭവാനി,പാമ്പാർ
5. കൽപ്പന ചൗള
6. വത്തിക്കാൻ
7. 1930
8. 24
9. ജവഹർലാൽ നെഹ്റു
10. ചേരി ചേരാ നയം

തയ്യാറാക്കിയത്- ശ്രീചിത്തിര



**ശാസ്ത്ര കൗതുകം**

## ചിലന്തികൾ ഇരയെ പിടിക്കാൻ വല കെട്ടാറുണ്ട് എന്നാൽ ഇവ സ്വന്തം വലയിൽ കുരുങ്ങാറില്ല. കാരണം അറിയാമോ?



ചിലന്തിയുടെ വലയിൽ വൃത്താകൃതിയിലും കുറുകെയും ഇഴകൾ പാകിയിരിക്കുന്നത് കാണാം . ഇവതമ്മിൽ വ്യത്യാസമുണ്ട് വൃത്താകൃതിയി ലുള്ളഇഴയിൽ ഒട്ടിപ്പിടിക്കുന്ന പശയുണ്ട് .കുറുകെയുള്ള ഇഴകളിൽ അതില്ല. ഈ വലയുടെ രഹസ്യം അറിയാവുന്ന ചിലന്തികൾ കുറുകെയുള്ള ഇഴകളിൽ കൂടി മാത്രമേ സഞ്ചരിക്കാറുള്ളു. അതു കാരണം സ്വന്തം വലയിൽ അവ കുരുങ്ങാറില്ല.

ഈ രഹസ്യം അറിയാത്ത മറ്റു പ്രാണികൾ ഈ വലയിൽ കുരുങ്ങുകയും ചിലന്തികളുടെആഹാരമായിത്തീരുകയും ചെയ്യും.

***അബിൻ. പി.എസ്***



## സ്പോർട്സ്

# ലയണൽ മെസ്സി

ഒരു അർജന്റീന പ്രൊഫഷണൽ ഫുട്ബോൾ കളിക്കാരനാണ്




**ലയണൽ ആൻഡ്രെസ് മെസ്സി.** (ജനനം ജൂൺ 24, 1987) അർജന്റീന ദേശീയ ടീം, സ്പാനിഷ് പ്രിമേറ ഡിവിഷനിൽ എഫ്.സി. ബാഴ്സലോണ എന്നീ ടീമുകൾക്കായാണ് ഇദ്ദേഹം കളിക്കുന്നത്. ഇദ്ദേഹം സ്പാനിഷ് പൗരത്വവും നേടിയിട്ടുണ്ട്. തന്റെ തലമുറയിലെ ഏറ്റവും മികച്ച ഫുട്ബോൾ കളിക്കാരിൽ ഒരാളായി അദ്ദേഹത്തെ പരിഗണിക്കുന്നു.[5][6][7] മെസ്സി, 21 ആം വയസ്സിൽ യൂറോപ്യൻ ഫുട്ബോളർ ഓഫ് ദ ഇയർ, ഫിഫ ലോക ഫുട്ബോളർ ഓഫ് ദ ഇയർ എന്നീ പുരസ്കാരങ്ങൾക്കായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. 22 ആം വയസ്സിൽ അദ്ദേഹം ആ രണ്ട് പുരസ്കാരങ്ങളും കരസ്ഥമാക്കുകയും ചെയ്തു.2013 ജനവരി 7 ന് ലഭിച്ച നാലാമത്തെ ബാലൺ ഡി ഓർ( Ballon d'Or ) ബഹുമതിയോടെ, ഈ ബഹുമതി 5 തവണ നേടുന്ന ആദ്യ കളിക്കാരനായി . 2009, 2010, 2011, 2012 വർഷങ്ങളിലായി തുടരെ 4-ആം തവണയാണ് ഈ നേട്ടം.[8][9][10][11] ഇദ്ദേഹത്തെ പലപ്പോഴും ഇതിഹാസതാരം ഡിയഗോ മറഡോണയുമായി സാമ്യപ്പെടുത്താറുണ്ട്. മറഡോണ തന്നെ മെസ്സിയെ തന്റെ "പിൻഗാമി" എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.[12][13] ഫോർവേഡായി കളിക്കുന്ന അദ്ദേഹം നിലവിൽ അർജന്റീന ദേശീയ ടീമിന്റെയും ബാഴ്സലോണ ക്ലബ്ബിന്റെയും ക്യാപ്റ്റനാണ്.

നന്നേ ചെറുപ്പത്തിൽ തന്നെ മെസ്സി കളിക്കാൻ തുടങ്ങിയിരുന്നു. അദ്ദേഹത്തിന്റെ കഴിവ് ബാർസലോണ വളരെ വേഗം തിരിച്ചറിഞ്ഞു. ബാർസലോണ ക്ലബ്ബ് അദ്ദേഹത്തിന് ഉയരക്കുറവിനു ചികിത്സ നിർദ്ദേശിച്ചു. അതിനാൽ റൊസാരിയോ എന്ന സ്ഥലത്തെ ക്ലബ്ബായ ന്യൂവെൽസ്സ് ഓൾഡ് ബോയ്സ് ടീമിൽ നിന്ന് അദ്ദേഹം

വിട്ടുപോരുകയും കുടുംബത്തോടൊപ്പം യൂറോപ്പിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. 2004-2005 സീസണിൽ അദ്ദേഹം ആദ്യ കളി കളിച്ചു. ആ മത്സരത്തിൽ തന്നെ അദ്ദേഹം ഗോൾ നേടി. അങ്ങനെ ക്ലബ്ബിനായി ഗോൾ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരൻ എന്ന റെക്കോർഡ് അദ്ദേഹം സ്വന്തമാക്കി. അദ്ദേഹത്തിന്റെ ആദ്യ സീസണിൽ തന്നെ ബാർസലോണ ലാ ലിഗ കപ്പ് നേടി. 2006-2007 സീസണിലാണ് അദ്ദേഹം മികച്ച പ്രകടനം കാഴ്ചവെച്ചത്. 2009-10 സീസണിൽ അദ്ദേഹം എല്ലാ മത്സരങ്ങളിലുമായി 47 ഗോളുകൾ നേടുകയും, ബാർസലോണക്കായി ഒരു സീസണിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടുകയെന്ന ബഹുമതി റൊണാൾഡോയോടൊപ്പം പങ്കിടുകയും ചെയ്തു.

സാമൂഹ്യസേവനം

2007 ൽ പാവപ്പെട്ട കുട്ടികളുടെ ആരോഗ്യവും വിദ്യാഭ്യാസവും സംരക്ഷിക്കുന്നതിനു വേണ്ടി ലിയോ മെസ്സി ഫൗണ്ടേഷൻ എന്ന പേരിൽ ഒരു സംഘടനക്ക് മെസ്സി രൂപം കൊടുത്തു.[204][205] ആരാധകരുടെ ഒരു വെബ്സൈറ്റ് നടത്തിയ അഭിമുഖത്തിൽ മെസ്സി ഇങ്ങനെ പറഞ്ഞു, "ഒരല്പം പ്രശസ്തനായതിനാൽ സഹായം ആവശ്യമുള്ള മനുഷ്യരെ സഹായിക്കാൻ എനിക്ക് അവസരം ലഭിക്കുന്നു. പ്രത്യേകിച്ചും കുട്ടികളെ.".[206] കുട്ടിക്കാലത്ത് മെസ്സിക്കും ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നതിനാൽ, ലിയോ മെസ്സി ഫൗണ്ടേഷൻ അർജന്റീനയിലെ കുട്ടികളുടെ ആരോഗ്യപരിശോധന നടത്തുകയും ചികിത്സക്കായി സ്പെയിനിലേക്ക് അയക്കുകയും ചെയ്യുന്നു. ചികിത്സാച്ചെലവും യാത്രാച്ചെലവും ഫൗണ്ടേഷൻ തന്നെയാണ് വഹിക്കുന്നത്.[207]

2010 മാർച്ച് 11 ന് മെസ്സിയെ UNICEF ന്റെ അംബാസിഡറായി തിരഞ്ഞെടുത്തു.[208] കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനെ ലക്ഷ്യം വെച്ചായിരുന്നു മെസ്സിക്ക് ആ പദവി ലഭിച്ചത്. മെസ്സിയുടെ ക്ലബ്ബായ ബാഴ്സലോണയും ഇതിൽ മെസ്സിയെ പിന്തുണച്ചു. ബാഴ്സയും UNICEF നോടൊപ്പം പ്രവർത്തിക്കുന്നുണ്ട്.[20 2011 ഏപ്രിലിൽ ലോകത്തെ ഏറ്റവും കൂടുതൽ പേരെ സ്വാധീനിച്ച വ്യക്തികളുടെ പട്ടിക 2011 TIME 100 പുറത്തു വിട്ടപ്പോൾ അതിൽ ഒരാൾ മെസ്സിയായിരുന്നു.

അങ്കിത്ത് കുര്യൻ



# നന്ദി

വൈകിപ്പോയ വസന്തം പോലെ കരുതാമെങ്കിൽഅതൊരുവലിയപ്രശംസതന്നെയാവും പക്ഷെ ഇവിടെ ഞങ്ങളുടെ ഈ ചെറിയ ഉദ്യമം വിരിയാനിരിക്കുന്ന പൂമൊട്ടുകൾ പോലെ കരുതിയാൽമതിയാകും. വാർഷികാഘോഷങ്ങൾക്കിടയിലും പരീക്ഷക്കാല ങ്ങൾക്കിടയിലും ഞെരുങ്ങിപ്പോയ ഈ ശ്രമത്തിന് പിറവിയൊരുക്കാൻ ഞങ്ങളെ അകമറിഞ്ഞ് സഹായിച്ച സഹപാടികൾക്കും അദ്ധ്യാപകർക്കും നന്ദി പറയട്ടെ പ്രത്യേകിച്ച് ഞങ്ങളുടെ കൈറ്റ് മാസ്റ്റർ റജിൽ സാറിനും കൈറ്റ് മിസ്ട്രസ് ശൈലജ ടീച്ചർക്കും .....

*ലിറ്റിൽ കൈറ്റ്സ് ക്ലബ്*
*വാളേരി*

